# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.205

### 14-06-2019 ൽ മറുപടിക്ക്

### കിഫ്ബിയുടെ പുതിയ ധനസമാഹരണ മാർഗ്ഗങ്ങൾ

| ചോദ്യം<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) അഞ്ച് വർഷം കൊണ്ട് അടിസ്ഥാന സൗകര്യവികസന മേഖലയിൽ അരലക്ഷം കോടി രൂപയുടെ നിക്ഷേപം നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ; | 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ, തുടർന്ന് വരുന്ന അഞ്ച് വർഷ കാലയളവിൽ അൻപതിനായിരം കോടി രൂപയിൽ കുറയാത്ത അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾക്ക് കേരളത്തിൽ തുടക്കം കുറിക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. |
| (ബി) പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കിഫ്ബി അക്കൗണ്ടിൽ നിലവിലുള്ളത് എത്ര കോടി രൂപയാണ്; ഏതൊക്കെ അക്കൗണ്ടുകളിൽ നിന്നാണ് കിഫ്ബി അക്കൗണ്ടിൽ പ്രസ്തുത തുക ലഭ്യമാക്കിയത്; | 07.06.2019 തീയതിയിലെ കണക്ക് പ്രകാരം കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ 9616.138 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. കിഫ്ബി സമാഹരിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| Source | Availed Amount in Cr | Sanctioned Amount in Cr |
|---|---|---|
| Seed Capital | 2498.42 | |
| MVT & Cess | 3908.85 | |
| **Term Loans** | | |
| 1. NABARD-NIDA | 200.8 | 565 |
| 2.SBI | 300 | 1000 |
| 3.Union Bank of India | 250 | 500 |
| 4.Indian Bank | 300 | 500 |
| Masala Bonds | 2150 | |
| KSFE Chitty | 8.068 | |

| | |
|---|---|
| (സി) കിഫ്ബിയുടെ ധനസമാഹരണത്തിനായി പുതിയ മാർഗ്ഗങ്ങൾ തേടുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | അൻപതിനായിരം കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇത്രയും വലിയ രീതിയിലുള്ള ധനസമാഹരണം കേവലം ഒരു സ്രോതസ്സിലൂടെ ലഭ്യമാക്കുക എന്നത് പ്രായോഗികമല്ല. ഇതിനു കിഫ്ബിയ്ക്ക് അതിന്റെ ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹാരണ ഉപാധികളെയും ആശ്രയിക്കേണ്ടി വരും. |
| (ഡി) കിഫ്ബി അക്കൗണ്ടിൽ നിലവിലുള്ള തുക ഉപയോഗിച്ച് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിന് ആവശ്യമായ ധനം എപ്രകാരം സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്? | നിലവിൽ കിഫ്ബിയുടെ കൈവശമുള്ള പണം വരുന്ന ഒരു വർഷ കാലയളവിലെ പദ്ധതി ചെലവുകൾ വഹിക്കുന്നതിനു പര്യാപ്തമാണ് എന്ന് കണക്കാക്കുന്നു. തുടർന്നുള്ള കാലങ്ങളിലെ ധനസമാഹരണം അതാത് സമയങ്ങളിൽ അനുചിതമായ മാർഗ്ഗങ്ങളിലൂടെ കണ്ടെത്തുവാനാണ് കിഫ്ബി ഉദ്ദേശിക്കുന്നത്. അൻപതിനായിരം കോടി സമാഹരിക്കുക എന്ന ലക്ഷ്യത്തിലേക്ക് നിലവിലെ സ്ഥിതിയിൽ പ്രതിബന്ധങ്ങളൊന്നും തന്നെ കാണുന്നില്ല. |

സെക്ഷൻ ഓഫീസർ